123 (2309) ഫോർട്ട് കൊച്ചിയിലെ ടൂറിസം വികസനം

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ട് കൊച്ചിയിൽ കെ.ടി.ഡി.സി. ഏതെങ്കിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഫോർട്ട് കൊച്ചിയിൽ കെ.ടി.ഡി.സി. പുതിയ സംരംഭങ്ങളൊന്നും ആരംഭിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

124 (2310) കോഴിക്കോട് സ്വപ്നനഗരി പദ്ധതി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്വപ്നനഗരി പദ്ധതി ടൂറിസം വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനാവശ്യമായ ഫണ്ട് നൽകാൻ നടപടി കൈക്കൊള്ളുമോ;

(സി) കോഴിക്കോട് ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ടൂറിസം വകുപ്പിന്റെ സർക്യൂട്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് സ്വപ്നനഗരി പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയത്. ഇത് നടപ്പിലാക്കാനായി കണ്ടെത്തിയ സ്ഥലം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതാണ്. വാട്ടർ അതോറിറ്റിയിൽനിന്നും വേണ്ടത്ര സ്ഥലം ഇതേവരെയും വിട്ടുകിട്ടിയിട്ടില്ല.

(സി)&(ഡി) ട്രാവൽ സർക്യൂട്ടുകൾക്ക് രൂപം നൽകുന്നത് കേന്ദ്ര ടൂറിസം വകുപ്പാണ്. കോഴിക്കോട് ഉൾപ്പെടുത്തി ഒരു ട്രാവൽ സർക്യൂട്ട് രൂപീകരിക്കണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതായി അറിയുന്നു. ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ല.

125 (2311) പൈതൽ മലയുടെ ടൂറിസം വികസനം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പൈതൽ മലയുടെ ടൂറിസം വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly